ടിക്കറ്റുകൾ എന്നിവ പരിശോധിക്കുന്നതിനും, അവ ഓഫീസിൽ ഹാജരാക്കുന്നതിന് നിർദ്ദേശിക്കുവാനും അധികാരമുണ്ട്. കൂടാതെ, തിരച്ചിൽ നടത്തുന്ന സമയത്ത് അനധികൃതമെന്ന് തോന്നുന്ന കണക്കുകൾ, രേഖകൾ, അക്കൗണ്ട് ബുക്കുകൾ എന്നിവ രസീതു നൽകി പിടിച്ചെടുക്കാനും അധികാരമുണ്ട്. വ്യാജലോട്ടറികൾ സൂക്ഷിച്ചുവച്ചിരിക്കുന്നുവെന്ന് സംശയമുള്ള പെട്ടിയോ, സംഭരണസ്ഥലമോ, കെട്ടിടമോ മുദ്ര വയ്ക്കുന്നതിനും, പൂട്ട് തകർത്തുകയറി പരിശോധിക്കുന്നതിനും, അനധികൃതമായി സൂക്ഷിച്ചിരിക്കുന്ന രേഖകൾ, ടിക്കറ്റുകൾ ഉൾപ്പെടെ പിടിച്ചെടുക്കുന്നതിനും അനധികൃത ലോട്ടറികൾ കയറ്റിക്കൊണ്ടുപോയാൽ അവ പിടിച്ചെടുക്കുന്നതിനും അധികാരമുണ്ട്. ഇപ്രകാരം കണ്ടുപിടിക്കുന്ന കേസുകൾക്ക് വിവിധ പ്രകാരത്തിലുള്ള പിഴ അടപ്പിക്കുന്നതിനും അധികാരമുണ്ട്.

(സി) പാലക്കാട്, തൃശ്ശൂർ, എറണാകുളം എന്നീ ജില്ലകളിലായി 14 റെയ്ഡുകൾ നടത്തുകയും, പാലക്കാട് ജില്ലയിൽനിന്ന് അനധികൃത വ്യാപാരികളായ വിജയലക്ഷ്മി ലോട്ടറി ഏജൻസി, വി.എ.കെ. ലോട്ടറി എന്നിവരിൽനിന്നും 9 അനധികൃത ലോട്ടറികളുടെ ടിക്കറ്റുകൾ പിടിച്ചെടുത്തിട്ടുണ്ട്. സംസ്ഥാനത്ത് എന്തു തുകയ്ക്കുള്ള വ്യാജലോട്ടറികൾ വിറ്റിട്ടുണ്ടെന്നതിന് കണക്ക് ലഭ്യമല്ല.

ജീവനക്കാരുടെ സർവ്വീസ് ആനുകൂല്യങ്ങൾ

38 [1868] *ശ്രീ കെ. പി. മോഹനൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർവ്വീസിലുള്ള ഒരു ഗവൺമെന്റ് ജീവനക്കാരന് പരമാവധി ഒരുസമയം സറണ്ടർ ചെയ്യാവുന്ന ഏൺഡ് ലീവ് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ടെർമിനൽ സറണ്ടർ പരമാവധി എത്രവരെ ചെയ്യാം എന്ന് വ്യക്തമാക്കാമോ;

(സി) റിട്ടയർമെന്റ് സമയത്തുമാത്രം നൽകുന്ന ടെർമിനൽ സറണ്ടർ ഒരു റിട്ടയർമെന്റ് ആനുകൂല്യമാണോ;

(ഡി) പെൻഷൻ, ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, ടെർമിനൽ സറണ്ടർ ഇവയൊക്കെ ഏത് മേജർ ഹെഡ്ഡിലാണ് വരുന്നത് എന്ന് വിശദീകരിക്കാമോ;

(ഇ) റിട്ടയർമെന്റിനുശേഷം മുൻകാല പ്രാബല്യത്തിൽ ശമ്പളപരിഷ്കരണം ഉണ്ടായാൽ പെൻഷൻ ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, ഏൺഡ് ലീവ് സറണ്ടർ എന്നിവയ്ക്ക് കൂടിശ്ശിക അവകാശപ്പെടാൻ അർഹതയുണ്ടോ എന്ന് വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 20 ദിവസം.

(ബി) 300 ദിവസം.

(സി) റിട്ടയർ ചെയ്യുമ്പോൾ മാത്രം ലഭിക്കുന്ന ഒരു ആനുകൂല്യമാണ് ടെർമിനൽ സറണ്ടർ എന്നിരിക്കെ ഇതും ഒരു ടെർമിനൽ ആനുകൂല്യമായി കണക്കാക്കാം.

(ഡി) "2071 – പെൻഷനും മറ്റു സേവനവിരാമ ആനുകൂല്യങ്ങളും എന്ന മേജർ ഹെഡ്ഡിൽ ഉൾപ്പെടുത്തിയിരിക്കുന്നു."

(ഇ) റിട്ടയർമെന്റിനുശേഷം മുൻകാല പ്രാബല്യത്തിൽ ശമ്പളപരിഷ്കരണത്തോടൊപ്പം പെൻഷൻ പരിഷ്കരണം ഉണ്ടായാൽ സാധാരണഗതിയിൽ പെൻഷൻ, ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ, ഏൺഡ് ലീവ് സറണ്ടർ എന്നിവയ്ക്ക് കുടിശ്ശിക അവകാശപ്പെടാൻ അർഹതയുണ്ട്.

സംസ്ഥാന ജീവനക്കാർക്ക് കുടിശ്ശിക ക്ഷാമബത്ത നൽകുന്നതിന് നടപടി

39 [1869] *ശ്രീ. എം. പ്രകാശൻ മാസ്റ്റർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്ക് ക്ഷാമബത്ത എത്ര ശതമാനമാണ് കുടിശ്ശികയുള്ളത്;

(ബി) കുടിശ്ശിക ക്ഷാമബത്ത നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ട്;

(സി) എഴുപത്തിമൂന്നു ശതമാനംവരെ ക്ഷാമബത്ത നൽകുന്നതിന് തുക വകയിരുത്തിയിട്ടുള്ളതായി ബഹുമാനപ്പെട്ട ധനകാര്യമന്ത്രി പ്രസ്താവിച്ചശേഷവും ഇത്തരത്തിൽ ക്ഷാമബത്ത കുടിശ്ശികയാക്കുന്ന നടപടി ഒഴിവാക്കുമോ;

(ഡി) കുടിശ്ശിക ക്ഷാമബത്ത ഉടൻ നൽകുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) 8% ആണ് കുടിശ്ശികയുള്ളത്.

(ബി) മുൻകാലങ്ങളിലെ കുടിശ്ശിക തീർത്തെങ്കിൽ മാത്രമേ കുടിശ്ശിക പൂർണ്ണമായും തീർക്കുവാൻ സാധിക്കൂ. ഇതിനുവേണ്ട നടപടികൾ എടുത്തുവരുന്നു.

(സി) & (ഡി) സർക്കാരിന്റെ സാമ്പത്തികസ്ഥിതി മെച്ചപ്പെടുന്നതിനനുസരിച്ച് കുടിശ്ശിക ക്ഷാമബത്ത നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly